## പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2224** **16.08.2017-ൽ മറുപടിക്ക്**

## സമ്പൂർണ്ണ വൈദ്യുതീകരണം

| | ചോദ്യം<br>ശ്രീ. എൻ .എ.നെല്ലിക്കുന്ന്: | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | സമ്പൂർണ്ണ വൈദ്യുതീകരണ സംസ്ഥാനമായി കേരളത്തെ പ്രഖ്യാപിച്ച സാഹചര്യത്തിൽ നിലവിൽ ഇവിടെ വൈദ്യുതീകരിക്കാത്ത ഒരു വീടും ഇല്ല എന്നത് ശരിയാണോ; വ്യക്തമാക്കാമോ; | (എ), (ബ)& (സി) | സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി പ്രകാരം 1,50,807 വീടുകൾക്ക് വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ട്. 31.03.2017-ലെ സ്ഥിതിയനുസരിച്ച് അപേക്ഷിച്ചതും വാസയോഗ്യവുമായിരുന്ന വീടുകളിൽ (വാടക ക്വാർട്ടേഴ്സ് ഉൾപ്പെടെ), കോടതി, റവന്യൂ / വനം വകുപ്പുകൾ തുടങ്ങിയവയുടെ അനുമതി ലഭിക്കാതിരുന്ന ഏതാനും ഉപഭോക്താക്കൾ ഒഴികെ എല്ലാ വീടുകൾക്കും നിലവിൽ വൈദ്യുതി എത്തിച്ചിട്ടുണ്ട്.<br>സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമായി കേരളത്തിലെ വൈദ്യുതി എത്താത്ത ഉൾനാടൻ ഗ്രാമങ്ങൾ, വനാന്തര മേഖലകൾ, ഒറ്റപ്പെട്ട മേഖലകളിൽ വസിക്കുന്ന ജനവിഭാഗങ്ങൾ എന്നിവരെ സോളാർ പാനൽ ഉപയോഗിച്ച് ഗ്രിഡ് ബന്ധിതമല്ലാത്ത സൗരോർജ്ജ നിലയം സ്ഥാപിക്കാൻ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് നടപടികളെടുത്തു. ഈ പദ്ധതി പ്രകാരം പരിമിത ഗാർഹിക ഉപഭോഗം നിജപ്പെടുത്തിയതിൽ ജനങ്ങൾ എതിർപ്പ് രേഖപ്പെടുത്തിയതിനാൽ പദ്ധതി സമ്പൂർണ്ണമായി നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. നൂതന ഗാർഹിക ഉപകരണങ്ങൾ പ്രവർത്തിക്കാൻ കഴിയുന്ന വൈദ്യുതി ശൃംഖലയാണ് ഇവർ പ്രതീക്ഷിക്കുന്നത്. ആയതിനാൽ ഈ മേഖലകളിൽ സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. 31.03.2017-നു ശേഷം പുതുതായി പൂർത്തീകരിച്ച് വാസയോഗ്യമാക്കിയ വീടുകളുടെ കണക്ക് ലഭ്യമല്ലാത്തതിനാൽ (അപേക്ഷകൻ പണം അടച്ച് അപേക്ഷ സമർപ്പിക്കുമ്പോൾ മാത്രമേ പുതുതായുള്ള അപേക്ഷകരെ സംബന്ധിച്ച വിവരം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് ലഭിക്കുകയുള്ളൂ) നിലവിൽ എത്ര ശതമാനം വീടുകൾ വൈദ്യുതീ- കരിച്ചിട്ടുണ്ട് എന്ന കണക്ക് ലഭ്യമല്ല. ഗ്രാമീണ വൈദ്യുതീകരണം ലക്ഷ്യമിട്ടിട്ടുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയായ ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമീണ ജ്യോതി യോജന (DDUGJY) സംസ്ഥാനത്ത് നടപ്പിലാക്കി വരുകയാണ്. അതിൽ ഉൾപ്പെടുത്തി പദ്ധതി പ്രദേശത്തെ BPL കുടുംബങ്ങൾക്ക് വൈദ്യുതി എത്തിക്കാനാകുന്നതാണ്. |
| (ബി) | വീടുകളിലല്ലാതെ വാടക ക്വാർട്ടേഴ്സുകളിലും മറ്റും വൈദ്യുതി വെളിച്ചമില്ലാതെ ഏതെങ്കിലും ആളുകൾ താമസിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത്തരം സ്ഥലങ്ങളിൽകൂടി വൈദ്യുതി എത്തിക്കുവാൻ നടപടി സ്വീകരിക്കുമോ; | | |
| (സി) | വൈദ്യുതീകരിക്കാത്ത വീടുകൾ കേരളത്തിൽ ഇനിയും ഉണ്ടെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ശേഷിക്കുന്ന വീടുകളിൽക്കൂടി വൈദ്യുതി എത്തിക്കുന്നതിനു നടപടി സ്വീകരിക്കുമോ? | | |

| | | | |
|---|---|---|---|
| | | | ഉൾനാടൻ വനാന്തര മേഖലയിൽ താമസിക്കുന്ന ജന വിഭാഗങ്ങളിൽ വൈദ്യുതീകരണം നടപ്പിലാക്കാനുണ്ട്. സോളാർ പാനൽ ഉപയോഗിച്ചിട്ടുള്ള ഗ്രിഡ് ബന്ധിതമല്ലാത്ത സൗരോർജ്ജ നിലയം സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

Hemalatha

**സെക്ഷൻ ഓഫീസർ**